"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കോവിഡ് 19 - കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ഓക്സിജൻ ലഭ്യത ഉറപ്പ വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.944/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/05/2021

---

പരാമർശം:- 1 28.04.2021-ൽ തദ്ദേശ സ്വയംഭര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിന്റെ മിനിട്സ്.

2 29.04.2021-ലെ സ.ഉ.(സാധാ) 932/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

3 02.05.2021-ലെ സ.ഉ.(സാധാ) 939/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

4 01.05.2021-ലെ സ.ഉ.(സാധാ) 995/2021/ആകുവ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) ലെ യോഗ തീരുമാനപ്രകാരം കോവിഡ് രണ്ടാം വ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ പരാമർശം (2), (3) ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. കൂടാതെ പരാമർശം (4) പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സംസ്ഥാനത്ത് ഓക്സിജൻ ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി വാർ റൂം സ്ഥാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി, അതാത് പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ഓക്സിജൻ ലഭ്യത ഉറപ്പ വരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കോവിഡ് – 19 ന്റെ തീവ്രവ്യാപന പശ്ചാത്തലത്തിൽ രോഗികൾക്ക് ഓക്സിജന്റെ അളവ് കുറയുന്നത് കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ വരുന്നത് സാധാരണമാണ്. ആയതിനാൽ കൃത്രിമമായി ഓക്സിജൻ ലഭ്യമാക്കുക എന്നത് പ്രധാന ചികിത്സാ രീതിയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ഓക്സിജൻ ലഭ്യത നിർബന്ധമായും ഉറപ്പാക്കേണ്ടതുണ്ട്.

2. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കീഴിൽ വരുന്ന സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കിടക്ക ലഭ്യമായിട്ടുള്ള പി.എച്ച്.സി., എഫ്.എച്ച്.സി., സി.എഫ്.എൽ.ടി.സി., ഡൊമിസീലിയറി കെയർ സെന്ററുകൾ (ഡി.സി.സി.) എന്നീ ആരോഗ്യ സ്ഥാപനങ്ങളിൽ എല്ലാം തന്നെ ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ ഓഫീസറുടെയും നിർദേശ പ്രകാരം ആവശ്യാനുസരണം കിടക്കകൾ ഓക്സിജൻ സൗകര്യത്തോടെ ക്രമീകരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

3. ആംബുലൻസ് ഉൾപ്പെടെ രണ്ടിൽ കുറയാത്ത വാഹനങ്ങളെങ്കിലും ഓക്സിജൻ സൗകര്യത്തോടെ ലഭ്യമാണെന്ന് ഉറപ്പാക്കണം.

4. വീടുകളിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് അടിയന്തര ഘട്ടങ്ങളിൽ ഓക്സിജന്റെ സഹായം ആവശ്യമായി വന്നാൽ അതാതു പ്രദേശങ്ങളിലെ സി.എച്ച്.സി., പി.എച്ച്.സി., എഫ്.എച്ച്.സി., സി.എഫ്.എൽ.ടി.സി. ഉൾപ്പെടെയുള്ള ഓക്സിജൻ ലഭ്യതയുള്ള ആരോഗ്യ സ്ഥാപനങ്ങളിലേക്ക് എത്തിക്കാനുള്ള സൗകര്യം ലഭ്യമാക്കേണ്ടതാണ്.

5. സി.എച്ച്.സി., പി.എച്ച്.സി., എഫ്.എച്ച്.സി., സി.എഫ്.എൽ.ടി.സി., ഡി.സി.സി. തുടങ്ങിയ കോവിഡ്

ചികിത്സാ സ്ഥാപനങ്ങളിൽ ആവശ്യാനുസരണം ഓക്സിജൻ കോൺസന്റേറ്ററുകൾ വാങ്ങി നൽകുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യഥാസമയം കൈക്കൊള്ളേണ്ടതാണ്. അത്യാവശ്യ സാഹചര്യങ്ങളിൽ ഉപയോഗിക്കാൻ oxygen സിലിണ്ടറുകളും ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കണം.

6.തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു കീഴിലെ കോവിഡ് ചികിത്സാ സ്ഥാപനങ്ങളിൽ എല്ലാം തന്നെ ആവശ്യത്തിനു ഓക്സിജൻ ലഭ്യത ഉണ്ടെന്നു അതാതു സ്ഥാപനത്തിലെ നോഡൽ ഓഫീസറുമായി ബന്ധപ്പെട്ട് ദിവസേന വിവര ശേഖരണം നടത്തുകയും ലഭ്യതയിൽ കുറവ് വരുന്ന പക്ഷം താമസം വിനാ ലഭ്യമാക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിലുള്ള oxygen വാർ റൂമുമായി ബന്ധപെട്ടു ആവശ്യമായ നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

7.തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ വരുന്ന ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിൽ (സർക്കാർ/സ്വകാര്യ) എത്ര ഓക്സിജൻ സൗകര്യത്തോടെയുള്ള ബെഡ് ലഭ്യമാണെന്ന കണക്ക് ദിവസേന തദ്ദേശ സ്ഥാപനത്തിന്റെ ഹെൽപ് ഡെസ്കിൽ ഉണ്ടായിരിക്കുകയും, ആവശ്യമുള്ള രോഗികളെ അത്തരം സ്ഥാപനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള വാഹന സൗകര്യം ആവശ്യമെങ്കിൽ ഏർപ്പെടുത്തി കൊടുക്കുകയും വേണം.

8. ആവശ്യത്തിന് യഥാസമയം ഓക്സിജൻ ലഭ്യത ഉറപ്പാക്കാനുള്ള നടപടി ആരോഗ്യ കേന്ദ്രത്തിലെ നോഡൽ ഓഫീസറുമായി ബന്ധപെട്ട് ഉറപ്പാക്കേണ്ടതാണ്.

9. മെഡിക്കൽ ഓഫീസറുടെ നിർദേശ പ്രകാരം ആവശ്യമുള്ള പൾസ് oxymeter കൾ PHC/CHC കളിൽ ലഭ്യമാക്കണം. ആയവ ഹോം ഐസൊലേഷനിൽ കഴിയുന്ന രോഗികൾക്കു ആവശ്യമുള്ള പക്ഷം ASHA മുഖാന്തിരം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് oxymeter കൊടുക്കുന്നതിന്റെയും തിരികെ വാങ്ങുന്നതിന്റെയും ഉത്തരവാദിത്തം ASHA/വാർഡ് തല സമിതിക്കായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

Banikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്